(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വ്യാപകമായ മോഷണവും ഭവനഭേദനവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് മാവേലിക്കരയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എടുത്ത കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ മോഷണവും ഭവനഭേദനവും സംബന്ധിച്ച് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ വ്യാപകമായ മോഷണവും ഭവനഭേദനവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽപ്പെട്ട മാവേലിക്കര പോലീസ് സർക്കിളിൽ ഇതുസംബന്ധിച്ച് 176 കേസുകൾ (മാവേലിക്കര-44, നൂറനാട്-76, വള്ളികുന്നം-34, കുറത്തികാട്-22)· രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടൻ തന്നെ ശാസ്ത്രീയ തെളിവുകൾ ശേഖരിച്ചും സംഭവസ്ഥലങ്ങളിലെ മൊബൈൽ ടവറുകൾ കേന്ദ്രീകരിച്ചും ആവശ്യമാണെന്ന് കാണുന്ന കേസുകളിന്മേൽ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ചും കേസ് തെളിയിക്കുന്നതിന് ആവശ്യമായ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം

225 (3047) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇവയുടെ അംഗീകാരം നൽകുന്നതിനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് ; ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ ;

(സി) ആരാധനാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുവാനുള്ള അധികാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നകാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വർഗ്ഗീയ സംഘർഷങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും മതസൗഹാർദ്ദം നിലനിർത്തുന്നതിനുമായി 2005-ൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 23-ൽ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനോ പുതുക്കിപ്പണിയുന്നതിനോ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിൻ പ്രകാരമാണ് ഇപ്പോൾ ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകി വരുന്നത്.

(ബി) പ്രദേശത്തെ ക്രമസമാധാനനിലയും മതസൗഹാർദ്ദം നിലനിർത്തുന്ന തിനുള്ള കാര്യങ്ങളും വിലയിരുത്തിയശേഷം ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നത് അതത് ജില്ലാകളക്ടർമാരാണ്. ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് കർശന നിയന്ത്രണങ്ങളൊന്നുംതന്നെ കൊണ്ടുവന്നിട്ടില്ല.

(സി) വർഗ്ഗീയ സംഘർഷങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും മതസൗഹാർദ്ദം നിലനിർത്തുന്നതിനുമായി 2005-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ മേൽ വ്യവസ്ഥയിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ആരാധനാലയങ്ങളിലെ കവർച്ച

226 (3048) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങളിലെ കവർച്ചയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ പ്രതികൾക്ക് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(സി) ആരാധനാലയങ്ങളിൽ നടക്കുന്ന കവർച്ച തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) ആരാധനാലയങ്ങളിലെ കവർച്ചയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ കേസ്സുകളൊന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ മോഷണവുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 18 കേസ്സുകളിൽ പ്രതികൾക്ക് കുറ്റപത്രം നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായിചേർക്കുന്നു.

(സി) ആരാധനാലയങ്ങളിൽ നടക്കുന്ന കവർച്ച തടയുന്നതിനായി ക്ഷേത്ര പരിസരത്ത് പട്ടാബൂക്ക് വയ്ക്കുകയും രാത്രികാലങ്ങളിൽ ഊർജ്ജിത പോലീസ് പട്രോൾ നടത്തിവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.